(സി) നിരത്തിലോടിക്കുവാൻ യോഗ്യമായ വാഹനങ്ങളാണ് ഇപ്രകാരം സർവ്വീസ് നടത്താതിരിക്കുന്നതെങ്കിൽ അതിന്റെ പ്രതിദിന നഷ്ടം നികത്തുന്നതെങ്ങനെയാണ്;

(ഡി) മോട്ടോർ വാഹന വകുപ്പിന്റെ അനാസ്ഥ കൊണ്ടാണോ ഇപ്രകാരം സംഭവിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ഇത്തരം നഷ്ടം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചില ബസ്സുകൾ പെർമിറ്റ്/സി.എഫ്./ആൾട്ടറേഷൻ എന്നിവ ലഭിക്കാത്തതിനാൽ സർവ്വീസ് നടത്താൻ കഴിയാതെ വരുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

(സി)-(ഇ) വിവരം അന്വേഷിച്ച് അറിയിക്കുന്നതാണ്.

73 (1805) ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എം. മുരളി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ;

(ബി) ശമ്പള പരിഷ്കരണങ്ങൾ ഒപ്പ് വച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പരിഷ്കരണത്തിന്റെ പ്രയോജനം ജീവനക്കാർക്ക് കിട്ടിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോർപ്പറേഷനിൽ സ്പോർട്സ് താരങ്ങളെ ഇപ്പോൾ നിയമിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഡി) പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സമയത്ത് ഇത്തരം നിയമനം ഒഴിച്ചുകൂടാനാവാത്തതാണെന്ന് സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(ബി) 13.4.99-ൽ അംഗീകൃത തൊഴിൽ സംഘടനകളുമായി ഒപ്പുവച്ച കരാർ അനുസരിച്ചുള്ള വ്യവസ്ഥകളുടെ നടപ്പാക്കൽ ഘട്ടംഘട്ടമായി നടന്നുവരുകയാണ്. കരാറിലെ പല വ്യവസ്ഥകളും ഇതിനകം തന്നെ നടപ്പിൽ വരുത്തിയിട്ടുണ്ട്. ശമ്പളത്തിന്റെയും പെൻഷന്റെയും പുനർനിർണ്ണയം വിവിധ ഘട്ടങ്ങളിലൂടെ മാത്രമേ പൂർത്തിയാവുകയുള്ളൂ. ഇതിന്റെ ജോലി തുടങ്ങിയിട്ടുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്പോർട്സിനെ പ്രോത്സാഹിപ്പിക്കുവാനുള്ള സർക്കാർ നയത്തിന്റെ ഭാഗമാണിത്.

74 (1806) പയ്യന്നൂർ-കാസർഗോഡ് റൂട്ടിലെ സർവ്വീസ്

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ-കാഞ്ഞങ്ങാട്-കാസർഗോഡ് റൂട്ടിൽ യാത്രാദുരിതം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പയ്യന്നൂർ-കാഞ്ഞങ്ങാട്-കാസർഗോഡ് റൂട്ടിൽ പയ്യന്നൂരിൽ നിന്ന് രാവിലെ 7 മണിക്കും രാത്രി 9 മണിക്കും ഇടയിൽ കെ.എസ്.ആർ.ടി.സി. നടത്തുന്ന സർവ്വീസുകളുടെ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റൂട്ടിൽ കണ്ണൂർ, പയ്യന്നൂർ, കാസർഗോഡ് എന്നീ ഡിപ്പോകളിൽ നിന്നായി 45 ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട് (150 സിംഗിൾ ട്രിപ്പുകൾ). കൂടാതെ പയ്യന്നൂർ ഡിപ്പോയിൽനിന്ന് അഞ്ചും കാസർഗോഡ് നിന്ന് പത്തും ഷെഡ്യൂളുകൾ ചെയിൻ സർവ്വീസായി ഓപ്പറേറ്റു ചെയ്യുന്നുണ്ട്.

(സി) സർവ്വീസുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

75 (1807) ബസ്സ് സർവ്വീസ് തുടങ്ങാൻ നടപടി

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവുംമൂഴിയിൽ പാലം പൂർത്തിയാക്കിയതു പരിഗണിച്ച് കോട്ടയം-പിറവം, ഊരമന-പെരുവുംമൂഴി, മഴുവന്നൂർ വളയൻചിറങ്ങര-പെരുമ്പാവൂർ വഴി കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ തുടങ്ങുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) കോട്ടയം-പിറവം-രാമമംഗലം-പെരുവുംമൂഴി-കടമറ്റം-കോലഞ്ചേരി-പെരുമ്പാവൂർ വഴി കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റൂട്ടിൽ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നതിനാലും ബസ്സുകളുടെയും ജീവനക്കാരുടെയും കുറവുമൂലം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ നിർവ്വാഹമില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly